**POLICE** **DEPARTMENT**

**KERALA**

**No. G2-28889/2024/G**
District Police Office,
Kasargod
✉spksgd.pol@kerala.gov.in
📞04994255461
Dated. 06-09-2024

**ലേല പരസ്യം**

കാസറഗോഡ് ജില്ലയിൽ ബേഡകം പോലീസ് സ്റ്റേഷൻ കെട്ടിടത്തോട്ട ചേർന്ന് അപകടാവസ്ഥയിൽ നിൽക്കുന്ന താഴെ പറയുന്ന മരങ്ങൾ ലേലം ചെയ്യുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതാണ്. ടി മരങ്ങളുടെ ലേലം 30.09.2024 തീയതി രാവിലെ 11 മണിക്ക് സ്റ്റേഷൻ പരിസരത്ത് വച്ച നടത്തുന്നതാണ്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | മെയ്ഫ്ലവർ | 3 |
| 2 | മഹാഗണി | 1 |
| 3 | മുരിക്ക് | 3 |
| 4 | ഇലവ് | 1 |
| 5 | തേക്ക് | 1 |

ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം രാവിലെ 11.00 മണിക്ക് മുമ്പായി നിരതദ്രവ്യമായി 10,000/- രൂപ (പതിനായിരം രൂപ മാത്രം) ലേല സ്ഥലത്ത് അടച്ച രസീത് വാങ്ങേണ്ടതാണ് . കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിക്ക് ലേലം ഉറപ്പിക്കുന്നതാണ്. ലേലം കൊള്ളുന്ന വ്യക്തി നിരതദ്രവ്യം കഴിച്ച് ലേല സംഖ്യയും ലേല തുകയുടെ 5% വനവികസന നികുതിയും വനവികസന നികുതിയുടെയും ലേല തുകയുടെയും 18% ജി. എസ്.ടി യും മറ്റ നിയമാനുസൃത നികുതികളും കൂടി അടക്കേണ്ടതാണ് .

വനവികസന നികുതിയായി ഈടാക്കുന്ന തുക 0406-01-101-96-00-00-FDT എന്ന ശീർഷകത്തിൽ അടച്ച് അസ്സൽ രസീത് ഹാജരാക്കേണ്ടതാണ്. ടി രസീത് അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്, കാസറഗോഡ് ഓഫീസിലേക്ക് അയച്ചുകൊടുക്കുന്നതാണ് .

ഈ കാര്യാലയത്തിൽ നിന്നും ലേലം സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് കിട്ടിയ ശേഷം 10 ദിവസത്തിനുള്ളിൽ ലേലം കൊണ്ടയാൾ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ടി മരങ്ങൾ മുറിച്ചുകൊണ്ടു പോകേണ്ടതും മറ്റ മരങ്ങൾക്കോ കെട്ടിടങ്ങൾക്കോ കേടുപാടുകൾ സംഭവിക്കാതെ നോക്കേണ്ടതുമാണ്. അങ്ങനെ സംഭവിച്ചാൽ ആയതിനുള്ള നഷ്ടം ലേലം പിടിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതായിരിക്കും.

മേൽ പ്രസ്താവിച്ച ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം കൊണ്ടയാൾ നിരതദ്രവ്യം ഉൾപ്പടെ അതുവരെ അടച്ച മുഴുവൻ തുകയും സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും, ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. ഈടാക്കുന്നതും മറിച്ച് കൂടുതലായി ലേലതുക ലഭിക്കുകയാണെങ്കിൽ ടി അധിക

തുകയിൽ മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ, അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ലേല ദിവസത്തിന് മുൻപുള്ള പ്രവർത്തി ദിനങ്ങളിൽ രാവിലെ 11.00 നും വൈകീട്ട് 4.00 നും ഇടയിലുള്ള സമയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ലേലം ചെയ്യുന്ന മരങ്ങൾ പരിശോധിക്കാവുന്നതാണ്.

യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും

SHILPA DYAVAIAH IPS
District Police Chief

To : 1] ബോർഡ് അംഗങ്ങൾക്ക് അറിവിനും അനന്തര നടപടികൾക്കുമായി. 2] ജില്ലയിലെ എല്ലാ ഓഫീസർമാർക്കും അറിവിനും അനന്തര നടപടികൾക്കുമായി.

Copy To : എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും / ബറ്റാലിയൻ കമാണ്ടൻറുമാർക്കും അറിവിലേക്കും വ്യാപക പരസ്യത്തിനുമായി / എസ്. എച്ച്. ഒ. മാർക്ക് വ്യാപക പരസ്യത്തിനായി / ഡി. പി. ഒ കാഷ്യർക്ക് അറിവിനും അനന്തര നടപടികൾക്കുമായി.

G2-28889/2024/G bc4021